(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ

1 (3992) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം അങ്കമാലി, കാലടി, കറുകുറ്റി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതു നടപ്പാക്കുന്നതിനായി പൂർത്തിയാക്കേണ്ടത്;

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും, കരാർ പ്രകാരം നിർമ്മാണകാലാവധി എന്നുവരെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കറുകുറ്റി പ്രദേശത്ത് ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ സർവ്വേ ജോലികൾ, ഡ്രോയിംഗുകൾ എന്നിവ പൂർത്തീകരിച്ച് അതത് നിരത്തുകളുടെ ഉടമകളായ പൊതുമരാമത്ത്, ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ, പഞ്ചായത്ത് തുടങ്ങിയവയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അങ്കമാലി, കാലടി പ്രദേശങ്ങളിൽ സർവ്വേ ജോലികൾ, ഡ്രോയിംഗുകൾ എന്നിവ പൂർത്തീകരിച്ച് അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

(ബി) ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് സർവ്വേ ജോലികൾ നടത്തി നെറ്റ് വർക്ക് ഡ്രോയിംഗുകൾ തയ്യാറാക്കി ഡിസ്ട്രിബ്യൂഷൻ ശാഖയുമായി സംയുക്ത പരിശോധന പൂർത്തീകരിച്ച് ഡ്രോയിംഗ് അപ്രൂവൽ നൽകിയ ശേഷം അതത് നിരത്തുകളുടെ ഉടമകളുടെ റോഡ് കട്ടിംഗ് അനുമതിക്കായി സമർപ്പിക്കേണ്ടതും സംയുക്ത പരിശോധന നടത്തി അവർ നിശ്ചയിക്കുന്ന റോഡ് റെസ്റ്റോറേഷൻ എസ്റ്റിമേഷൻ തുക അടച്ച്, മറ്റ് നിബന്ധനകളും പാലിച്ച് അനുമതി ലഭ്യമാക്കേണ്ടതുമാണ്. നിയമാനുസൃതമായ PTCC route approval, KWA approval എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സമാന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്.

(സി) ആർ.എ.പി.ഡി.ആർ.പി. കൊച്ചിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ടേൺ കീ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ എൻ.സി.സി. ലിമിറ്റഡ് എന്ന കമ്പനിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കരാർ പ്രകാരം നിർമ്മാണ കാലാവധി 2015 സെപ്റ്റംബർ 28 വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly